# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4300 28.06.2012ൽ മറുപടിയ്ക്ക്

## നിലവാരംകുറഞ്ഞ സ്വാശ്രയ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ.പി.കെ.അബ്ദു റബ്ബ് (ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവാരംകുറഞ്ഞ സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിലവാരംകുറഞ്ഞ സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത യുള്ളതായി സർക്കാർ നിയമിച്ച ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) ഇൻസ്പെക്ഷൻ കമ്മിറ്റി അപര്യാപ്തതയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥാപന മേധാവികളെ പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് വിളിച്ച് ചർച്ച നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. റിസൾട്ടിലും പെർഫോമൻസിലും നിശ്ചിത നിലവാരം പാലിക്കാത്ത കോളേജുകൾക്ക് പുതിയ കോഴ്സുകൾ |

അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഐ.എച്ച്.ആർ.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ സർവ്വകലാശാലകൾ വർഷംതോറും അവരുടേതായ പരിശോധനകളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ